പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2485** **23-02-2026-ൽ മറുപടിയ്ക്ക്**

**കമ്പനി/ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് കെ.എസ്.എഫ്.ഇ.യിലെ നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കെ.എസ്.എഫ്.ഇ.യിൽ കുസാറ്റ് സ്റ്റഡി റിപ്പോർട്ട് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രാബല്യത്തിലാണ് നിലവിൽ വന്നതെന്നും റിപ്പോർട്ട് പ്രകാരം ഓരോ തസ്തികയിലും നിശ്ചയിച്ചിരിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

**മറുപടി:** നിലവിൽ വന്നിട്ടില്ല.

**(ബി)** നിലവിൽ പി.എസ്.സി.യുടെ കമ്പനി/ബോർഡ് അസിസ്റ്റന്റ് (കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി.) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുടെ നിയമനത്തിന് കുസാറ്റ് സ്റ്റഡി റിപ്പോർട്ട് ബാധകമാണോ; ഈ സ്റ്റഡി റിപ്പോർട്ട് നടപ്പിലാക്കുന്നതുമൂലം പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന ശിപാർശകൾ നൽകുന്നത് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ബാധകമല്ല; പി.എസ്.സിയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന ശിപാർശകൾ നൽകുന്നത് തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** കാറ്റഗറി നം.026/2022 റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.യിൽ നിന്ന് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; 2024 മാർച്ച് 13-ന് ശേഷം വേക്കൻസി റിപ്പോർട്ടിംഗുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ.യിൽ എത്ര ബിസിനസ്സ് റിവ്യൂ മീറ്റിംഗുകൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ആയത് പ്രകാരം മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

**മറുപടി:** കാറ്റഗറി നം.026/2022 റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.യിൽ നിന്ന് 863 ഒഴിവുകൾ ഇതുവരെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2024 മാർച്ച് 13 നുശേഷം ഒരു ബിസിനസ്സ് അവലോകനം നടന്നിട്ടുണ്ട്. അതുപ്രകാരം 228 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ഡി)** 2024 മാർച്ച് മുതൽ കെ.എസ്.എഫ്.ഇ.യിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ഒഴിവും ഏത് തരത്തിലാണ് (റിട്ടയർമെന്റ്, പ്രൊമോഷൻ,

ബിസിനസ്സ് ഡെവലപ്മെന്റ് തുടങ്ങിയവ) വന്നിട്ടുള്ളതെന്നും ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 2024 മാർച്ച് മുതൽ കെ.എസ്.എഫ്.ഇ.യിൽ അസിസ്റ്റന്റ് തസ്തികയിൽ ആകെ 840 ഒഴിവുകൾ വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ആകെയുണ്ടായ 840 ഒഴിവുകളിൽ 20% (170

| ക്രമ നം. | ഒഴിവുക ളുടെ എണ്ണം | വിശദാംശങ്ങൾ |
|---|---|---|
| 1 | 286 | ബിസിനസ്സ് റിവ്യൂ<br>31.03.2024 |
| 2 | 167 | റിട്ടയർമെന്റ് (01.04.2024 മുതൽ 31.12.2024 വരെ) |
| 3 | 232 | റിട്ടയർമെന്റ് (01.01.2025 മുതൽ 31.12.2025 വരെ) |
| 4 | 155 | റിട്ടയർമെന്റ് (01.01.2026 മുതൽ 31.03.2026 വരെ)<br>റെസിഗ്നേഷൻ (01.01.2025 മുതൽ 27.01.2026 വരെ) |
| ആകെ | 840 | |

ഒഴിവുകൾ) ബൈ ട്രാൻസ്ഫർപ്രൊമോഷനുകൾക്കായി മാറ്റിവച്ചുകൊണ്ട് 670 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**